(ബി) ഈ പദ്ധതിയുടെ നിലവിലുള്ള റോ വാട്ടർ പമ്പ് ഹൗസ് കാലപ്പഴക്കത്താൽ ബലക്ഷയം സംഭവിക്കുകയും റൂഫ് സ്ലാബ് ചോർന്നൊലിക്കുകയും കോൺക്രീറ്റ് പൊട്ടി ഇളകി വീഴുകയും ചെയ്യുന്ന നിലയിലാണ്. ആയതിനാൽ പമ്പ് ഹൗസ് പുനർനിർമ്മിക്കേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ അവസാന തീയതി 16-3-2015 ആണ്. ശുദ്ധീകരണശാലയുടെ ചുറ്റുമതിൽ പണിയുന്നതിന് 15 ലക്ഷം രൂപയുടെയും ജലശുദ്ധീകരണശാലയിൽ 130 എച്ച്.പി. ശേഷിയുള്ള രണ്ട് സെൻട്രിഫ്യൂഗൽ പമ്പ്സെറ്റിനുള്ള 21.20 ലക്ഷം രൂപയുടെയും ഒരു സബ് സ്റ്റേഷൻ നിർമ്മിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുവേണ്ടി 42 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകൾ സർക്കിൾ ഓഫീസിൽ തയ്യാറാക്കിവരുന്നു. ടി പ്രവൃത്തികൾക്കുള്ള ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ആറുമാസം കൊണ്ട് പണി പൂർത്തീകരിക്കാവുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു:

1. കറത്തിക്കാട് പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിനുള്ള ഭരണിക്കാവിനും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജല പദ്ധതിക്കായി അനുവദിച്ച തുക 1323.74 ലക്ഷം രൂപയാണ്.

2. നൂറനാടും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജല പദ്ധതിക്ക് അനുവദിച്ച തുക 794.03 ലക്ഷം രൂപയാണ്.

ആറ്റുപ്പിള്ളി റഗുലേറ്റർ-കം-ബ്രിഡ്ജ്

188 (880) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിലെ ആറ്റുപ്പിള്ളി റഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയുടെ പ്രവൃത്തി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രവൃത്തി പുനരാരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പ്രവൃത്തി എന്ന് പുനരാരംഭിക്കുമെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ആറ്റപ്പിള്ളി ആർ.സി.ബി.-യുടെ അവശേഷിക്കുന്ന പ്രവൃത്തികൾ RIDF XI-ൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുവാനായി അടുത്ത സാമ്പത്തിക വർഷത്തെ (2015-16) ബഡ്ജറ്റിൽ (പ്ലാൻ) ഇക വകയിരുത്തിയതായി ഉറപ്പുവരുത്തിയശേഷം ആയതിന്റെ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ, പ്രോജക്ട്-II ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മട്ടന്നൂർ നിയോജക മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ

189 (881) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മാസത്തിനുശേഷം നാളിതുവരെ മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം മൈനർ ഇറിഗേഷൻ പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ഓരോ പദ്ധതിക്കും എത്ര ഇകയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഓരോ പദ്ധതികളും ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) മറുപടി അനുബന്ധമായി ചേർക്കുന്നു.*

കാഞ്ഞങ്ങാട് ചിത്താരി കടപ്പുറത്ത് കടൽ ഭിത്തി

190 (882) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് ചിത്താരി കടപ്പുറത്ത് മൺസൂൺ കാലത്തനുഭവപ്പെടുന്ന രൂക്ഷമായ കടലാക്രമണം തടയുന്നതിന് കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ് ; വ്യക്തമാക്കുമോ ;

(ബി) വീടുകൾക്കടക്കം കടലാക്രമണത്താൽ വ്യാപകനാശനഷ്ടം ഉണ്ടാകുന്ന പ്രദേശമെന്ന പരിഗണനനൽകി കടൽഭിത്തി നിർമ്മാണത്തിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly